**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2477 19.03.2015-ൽ മറുപടിക്ക്**

**ഡോക്ടർമാർക്ക് മരുന്ന് കമ്പനികളിൽ നിന്നും പാരിതോഷികം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.എ.മാധവൻ<br>,, വി.റ്റി.ബൽറാം<br>,, എ.റ്റി.ജോർജ്ജ്<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)ഡോക്ടർമാർ മരുന്ന് കുറിക്കാൻ മരുന്ന് കമ്പനികളിൽ നിന്നും പാരിതോഷികം വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പത്രമാധ്യമങ്ങളിൽ ഇത്തരം വാർത്തകൾ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ബി) ഇത് തടയാൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വ്യക്തമാക്കാമോ;<br><br>(സി) കമ്പോള താല്പര്യങ്ങൾക്കനുസരിച്ച് വിലകൂടിയ മരുന്നുകൾ രോഗികളിൽ അടിച്ചേൽപ്പിക്കുന്നത് തടയാൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ? | (ബി) & (സി) ജനറിക് മരുന്നുകൾ കെ.എം.എസ്.സി.എൽ വഴി ലഭ്യമാക്കുകയും അത്തരം മരുന്നുകൾ രോഗികൾക്ക് നൽകണമെന്നുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ, ആശുപത്രി സൂപ്രണ്ടുമാർ എന്നിവരുടെ നേതൃത്വത്തിൽ പ്രിസ്ക്രിപ്ഷൻ ആഡിറ്റ് നടത്താനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. മരുന്ന് എഴുതുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ എം.സി.ഐ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് കർശനമായി പാലിക്കാനും നിർദ്ദേശമുണ്ട്. കൂടാതെ സർക്കാർ ആശുപത്രികളിൽ എല്ലാ ഡോക്ടർമാരും ജനറിക് നാമധേയത്തിൽ മരുന്ന് കുറിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ